


# മേക്കിങ് ആൻ ഇംപാക്ട് 500ൽ!

മേക്കിങ് ആൻ ഇംപാക്ട് എന്ന ഈ ലേഖന പരമ്പര 100ഉം 200ഉം കടന്നപ്പോഴൊക്കെ പ്രത്യേക ലേഖനങ്ങൾ വഴി നിങ്ങളുമായി അതിന്റെ സന്തോഷം പങ്കുവച്ചിരുന്നുവല്ലോ. ഇന്ന് മേക്കിങ് ആൻ ഇംപാക്ട് 500ലെത്തിയതിന്റെ ആഹ്ലാദവും ഏവരുമായി പങ്കുവയ്ക്കട്ടെ.

ഒരു വലിയ ടീം വർക്കിന്റെ ഫലമാണ് ഈ ലേഖന പരമ്പരയിലൂടെ ഞങ്ങൾ അവതരിപ്പിച്ചുവരുന്നത്. കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെ ഭാഗമായ ഓരോരുത്തരുടെയും ഈ ത്രിതല സംഘടനാ സംവിധാനത്തിന് പൂർണ്ണ പിന്തുണയേകുന്ന ഉദ്യോഗസ്ഥരുടെയും മികവും കഠിനാദ്ധ്വാനവുമാണ് മേക്കിങ് ആൻ ഇംപാക്ട് എന്ന ഈ പരമ്പരയിലെ ലേഖനങ്ങളിലൂടെ പ്രതിഫലിക്കുന്നത്. കുടുംബശ്രീയുടെ പദ്ധതി നിർവ്വഹണത്തെയും പുതുതായി ആവിഷ്ക്കരിക്കുന്ന ആശയങ്ങളെയുമെല്ലാം ഈ പരമ്പരയിലൂടെ ഞങ്ങൾ നിങ്ങൾക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്.

ഈ ലേഖനങ്ങൾ തയാറാക്കുന്നതും നിങ്ങളിലേക്കെത്തിക്കുന്നതും മറ്റൊരു ടീം വർക്കിലൂടെയാണ്. ഞാൻ നൽകുന്ന ലേഖനങ്ങൾക്കുള്ള അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കി പൂർത്തിയാക്കുന്നതും എഡിറ്റും ടൈപ്പും ചെയ്യുന്നതും യോജിച്ച ഫോട്ടോകൾ തെരഞ്ഞെടുക്കുന്നതും ചൈതന്യ.ജിയാണ് (Chaithanya G Retheesh). മഞ്ജരി അശോകാണ് (Manjari Asok) ലേഖനങ്ങൾ ഇംഗ്ലീഷിലേക്ക് പരിഭാഷ

ചെയ്യുന്നത്. ലേഖനങ്ങൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതും വിവിധ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയും മറ്റും താഴേത്തട്ടിലേക്ക് എത്തിക്കുന്നതും ബി.എസ്. ശ്രീബാലാണ് (Sreebal Neyyattinkara). എസ്. അരുൺ ലേഖന പരമ്പരയ്ക്ക് ആവശ്യമുള്ളപ്പോൾ പോസ്റ്ററുകൾ തയാറാക്കുകയും എല്ലാ ലേഖനങ്ങളും ഡിസൈൻ ചെയ്ത് തുടർവായനയ്ക്കായി അവസരമൊരുക്കുകയും ചെയ്യുന്നു.

പദ്ധതികളെക്കുറിച്ചുള്ള ആശയവിനിമയം ഫലപ്രദമായി നടത്താൻ ഇത്തരത്തിലൂടെയുള്ള ലേഖനങ്ങളിലൂടെ കഴിയുന്നുവെന്നതാണ് ഈ പരമ്പരയിൽ നിന്ന് പഠിച്ച പാഠം. മികച്ച രീതിയിൽ നടക്കുന്നുവെന്ന് തോന്നുന്ന പ്രവർത്തനങ്ങൾ താഴേത്തട്ടിൽ കൃത്യമായി എത്താത്തത് സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിലുള്ള മറ്റ് പ്രശ്നങ്ങളെക്കുറിച്ചുമുള്ള ആത്മാർത്ഥമായ പ്രതികരണങ്ങൾ ലഭിക്കാനും അത് അനുസരിച്ച് നിർവ്വഹണം മെച്ചപ്പെടുത്താനും കഴിയുന്നു. പുതിയ ആശയങ്ങൾ ലഭിക്കാനും കൂടുതൽ സംയോജനങ്ങൾ സാധ്യമാക്കാനും കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനുമൊക്കെ ഈ ലേഖന പരമ്പരയിലൂടെ സാധിച്ചുവെന്നുള്ളതിൽ ഞങ്ങളുടെ ടീം ഏറെ സന്തോഷിക്കുന്നു.

കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർക്കുള്ള അംഗീകാരമായും ടീമുകളുടെ മികവിനുള്ള പ്രോത്സാഹനവും പ്രചോദനവുമായുമൊക്കെ ഈ ലേഖനങ്ങളെ കണക്കാക്കുന്നവരുമുണ്ട്. കൂടാതെ കുറച്ച് വർഷങ്ങൾക്ക് ശേഷം ഇക്കാലയളവിൽ കുടുംബശ്രീ നടത്തിയ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വായിച്ചറിയാൻ ഉതകുന്ന ഒരു 'ഡോക്യുമെന്റേഷൻ' പ്രവർത്തനം കൂടി ഈ ലേഖന പരമ്പരയിലൂടെ സാധ്യമായിരിക്കുന്നു. ഇതുവരെ എഴുതിയ 500 ലേഖനങ്ങളും www.kudumbashree.org/pages/183#edpage-tab-7 എന്ന ലിങ്കിൽ തീയതി അനുസരിച്ചും വിഷയങ്ങൾ അനുസരിച്ചും നൽകിയിട്ടുണ്ട്. താത്പര്യമുള്ളവർക്ക് ഈ ലിങ്ക് സന്ദർശിച്ച് ലേഖനങ്ങൾ വായിക്കാനാവുന്നതാണ്. കുടുംബശ്രീ ടീമിന്റെ പ്രവർത്തനങ്ങൾ മേക്കിങ് ആൻ ഇംപാക്ട് ലേഖന പരമ്പരയിലൂടെ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഡോക്യുമെന്റേഷൻ നടത്തുന്ന ഞങ്ങളുടെ ടീമിനുള്ള സന്തോഷം, പരമ്പര 500 തികച്ച വേളയിൽ ഒരിക്കൽക്കൂടി പങ്കുവയ്ക്കട്ടെ.